| | | |
|---|---|---|
| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **വാർത്താക്കുറിപ്പ്** | TELEPHONE: 0471-2328158<br>MOBILE : 8281000126<br><br>**www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | 31st **December 2023** |

## 25 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിന് വോട്ടർപട്ടിക പുതുക്കുന്നു; കരട് പട്ടിക ജനുവരി 1 ന് പ്രസിദ്ധീകരിക്കും

തിരുവനന്തപുരം കോർപ്പറേഷനിലെ വെള്ളാർ വാർഡ് ഉൾപ്പെടെ സംസ്ഥാനത്തെ 25 തദ്ദേശ സ്വയംഭരണ വാർഡുകളിലെ വോട്ടർ പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുതുക്കുന്നു. കരട് പട്ടിക ജനുവരി ഒന്നിനും അന്തിമ പട്ടിക ജനുവരി 25 നും പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ മരണമോ രാജിയോ അയോഗ്യതയോ മൂലമുണ്ടായ ആകസ്മിക ഒഴിവുകളിലേക്ക് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനാണ് പട്ടിക പുതുക്കുന്നത്.

കരട് പട്ടികയിൽ പേര് ഉൾപ്പെടാത്തവർക്ക് ജനുവരി ഒന്നു മുതൽ 16 വരെ അപേക്ഷിക്കാം. 2024 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്കാണ് പേര് ചേർക്കാൻ അർഹതയുള്ളത്. ഇതിനായി http://www.sec.kerala.gov.in സൈറ്റിൽ ഓൺലൈൻ അപേക്ഷ നൽകണം. പട്ടികയിലെ ഉൾക്കുറിപ്പുകളിൽ ഭേദഗതി വരുത്തുന്നതിനും സ്ഥാനമാറ്റം വരുത്തുന്നതിനുമുള്ള അപേക്ഷകളും ഓൺലൈനായി നൽകാം. പേര് ഒഴിവാക്കാൻ ഓൺലൈനിൽ രജിസ്റ്റർ ചെയ്ത ആക്ഷേപങ്ങളുടെ പ്രിന്റൗട്ട് നേരിട്ടോ തപാലിലൂടെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നൽകണം.

കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിയും പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകളിൽ അതാത് സ്ഥാപനത്തിലെ സെക്രട്ടറിമാരുമാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ. കരട് പട്ടിക അതാത് തദ്ദേശ സ്ഥാപനങ്ങളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും പ്രസിദ്ധീകരിക്കും. കമ്മീഷന്റെ http://www.sec.kerala.gov.in സൈറ്റിലും ലഭ്യമാക്കും.

പത്ത് ജില്ലകളിലായി ഒരു കോർപ്പറേഷൻ വാർഡ്, നാല് മുനിസിപ്പാലിറ്റി വാർഡുകൾ, 20 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലാണ് ആകസ്മിക ഒഴിവുകളുള്ളത്.

ഉപതിരഞ്ഞെടുപ്പ് നടത്തുന്ന വാർഡുകൾ (ജില്ല, തദ്ദേശ സ്ഥാപനം, വാർഡ് നമ്പരും പേരും ക്രമത്തിൽ)

| | |
|---|---|
| തിരുവനന്തപുരം | – തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ 64.വെള്ളാർ<br>ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ 13.കുന്നനാട്<br>പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ 06.കോവിൽവിള<br>പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ 08.അടയമൺ |
| കൊല്ലം | – ചടയമംഗലം ഗ്രാമപഞ്ചായത്തിലെ 10.കുരിയോട് |
| പത്തനംതിട്ട | – നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ 09.കടമ്മനിട്ട |
| ആലപ്പുഴ | – മാന്നാർ ഗ്രാമപഞ്ചായത്തിലെ 11.കുട്ടംപേരൂർ – A<br>വെളിയനാട് ഗ്രാമപഞ്ചായത്തിലെ 08.കിടങ്ങറ ബസാർ തെക്ക് |
| ഇടുക്കി | – മൂന്നാർ ഗ്രാമപഞ്ചായത്തിലെ 11.മൂലക്കട<br>മൂന്നാർ ഗ്രാമപഞ്ചായത്തിലെ 18.നടയാർ |
| എറണാകുളം | – എടവനക്കാട് ഗ്രാമപഞ്ചായത്തിലെ 11.നേതാജി<br>നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ 14.കൽപ്പക നഗർ |
| തൃശ്ശൂർ | – മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ 07.പതിയാർ കുളങ്ങര |
| പാലക്കാട് | – ചിറ്റൂർ തത്തമംഗലം മുനിസിപ്പൽ കൗൺസിലിലെ 06.മുതുകാട്<br>മങ്കര ഗ്രാമപഞ്ചായത്തിലെ 04.കുരാത്ത്<br>പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ 08.പൂക്കോട്ടുകാവ് നോർത്ത് |

| | | |
|---|---|---|
| | | എരുത്തേമ്പതി ഗ്രാമപഞ്ചായത്തിലെ 14.പിടാരിമേട്<br>തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ 16.നരിപ്പറമ്പ് |
| മലപ്പുറം | – | കോട്ടക്കൽ മുനിസിപ്പൽ കൗൺസിലിലെ 02.ചുണ്ട<br>കോട്ടക്കൽ മുനിസിപ്പൽ കൗൺസിലിലെ 14.ഈസ്റ്റ് വില്ലൂർ<br>മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ 02.കാച്ചിനിക്കാട് കിഴക്ക് |
| കണ്ണൂർ | – | മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിലെ 05.മമ്മാക്കുന്ന്<br>രാമന്തളി ഗ്രാമപഞ്ചായത്തിലെ 09.പാലക്കോട് സെൻട്രൽ<br>മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിലെ 29.ടൗൺ<br>മാടായി ഗ്രാമപഞ്ചായത്തിലെ 20.മുട്ടം ഇട്ടപ്പുറം |

*(എസ്.ഇ.സി.39/2023)*